# പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.4623** **13.11.2019-ൽ മറുപടിക്ക്**

## ടെക്സ്റ്റയിൽസ് ജീവനക്കാർക്ക് ഇരിപ്പിട സൗകര്യം

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീമതി. ഷാനിമോൾ ഉസ്മാൻ : | | ശ്രീ.ടി.പി.രാമകൃഷ്ണൻ<br>തൊഴിലും എക് സൈസും വകുപ്പ് മന്ത്രി | |
| (എ) | സംസ്ഥാനത്തെ ടെക്സ്റ്റയിൽസ് ജീവനക്കാർക്ക് ഇരിപ്പിടം ഉൾപ്പെടെയുള്ള സൗകര്യങ്ങൾ ലഭ്യമാക്കണമെന്ന നിയമം നിലവിൽ വന്നുവെങ്കിലും പല സ്ഥാപനങ്ങളിലും ഇപ്പോഴും തൊഴിലാളികൾക്ക് ഈ അവകാശം നിഷേധിക്കുന്ന സാഹചര്യമുണ്ടോ; | (എ) | ഇരിപ്പിട സൗകര്യം ലഭ്യമാക്കാത്ത സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | ഈ വർഷം തൊഴിൽ വകുപ്പ് സംസ്ഥാന വ്യാപകമായി ഇക്കാര്യം പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ എത്ര നിയമലംഘനങ്ങളാണ് കണ്ടെത്തിയതെന്ന് അറിയിക്കുമോ; | (ബി) യും (സി) യും | തിരുവനന്തപുരം, പാലക്കാട്, ഇടുക്കി ജില്ലകളിൽ വിവിധ സ്ഥാപനങ്ങളിൽ പ്രാഥമിക പരിശോധനയിൽ കണ്ടെത്തിയ നിയമലംഘനങ്ങൾ പരിഹരിക്കപ്പെട്ടിട്ടുണ്ട്. കൊല്ലം ജില്ലയിൽ 87 സ്ഥാപനങ്ങളിൽ പരിശോധന നടത്തിയതിൽ 6 എണ്ണത്തിലും ആലപ്പുഴ ജില്ലയിൽ 80 സ്ഥാപനങ്ങളിൽ പരിശോധന നടത്തിയതിൽ 8 എണ്ണത്തിലും പത്തനംതിട്ട ജില്ലയിൽ 2 സ്ഥാപനങ്ങളിലും നിയമ ലംഘനം കണ്ടെത്തുകയുണ്ടായി. നിയമ ലംഘനം ശ്രദ്ധയിൽപ്പെട്ട കൊല്ലം, പത്തനംതിട്ട, ആലപ്പുഴ ജില്ലകളിലെ സ്ഥാപനങ്ങൾക്ക് നോട്ടീസ് നൽകി അപാകത പരിഹരിച്ചിട്ടുണ്ട്.<br>കോട്ടയം ജില്ലയിൽ വസ്ത്രവ്യാപാര സ്ഥാപനങ്ങളിൽ പരിശോധന നടത്തിയതിൽ 13 സ്ഥാപനങ്ങളിലും എറണാകുളം ജില്ലയിൽ 75 സ്ഥാപനങ്ങളിലും തൃശ്ശൂർ ജില്ലയിൽ 19 സ്ഥാപനങ്ങളിലും നിയമ ലംഘനങ്ങൾ കണ്ടെത്തിയിട്ടുണ്ട്. കോട്ടയം ജില്ലയിൽ നിയലംഘനം കണ്ടെത്തിയ 13 സ്ഥാപനങ്ങൾക്ക് |
| (സി) | അവർക്കെതിരെ എന്ത് നിയമ നടപടി സ്വീകരിച്ചു എന്ന് വിശദമാക്കുമോ? | | |

പരിശോധനാ കുറിപ്പും കാരണം കാണിക്കൽ നോട്ടീസും നൽകി തുടർ നടപടികൾ സ്വീകരിച്ചു വരുന്നു. എറണാകുളം ജില്ലയിൽ നിയമ ലംഘനങ്ങൾ കണ്ടെത്തിയ 75 സ്ഥാപനങ്ങളിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ മുഖാന്തിരം കർശന നിർദ്ദേശം നൽകിയതിന്റെ അടിസ്ഥാനത്തിൽ 72 സ്ഥാപനങ്ങൾ നിയമലംഘനങ്ങൾ പരിഹരിച്ചിട്ടുള്ളതും പരിഹരിക്കാത്ത 3 സ്ഥാപനങ്ങൾക്കെതിരെ പ്രോസിക്യൂഷൻ നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. തൃശ്ശൂർ ജില്ലയിൽ നിയമ ലംഘനങ്ങൾ കണ്ടെത്തിയ 19 സ്ഥാപനങ്ങളിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ മുഖാന്തിരം കർശന നിർദ്ദേശം നൽകിയതിന്റെ അടിസ്ഥാനത്തിൽ 16 സ്ഥാപനങ്ങൾ നിയമലംഘനങ്ങൾ പരിഹരിച്ചിട്ടുള്ളതും ആയത് പരിഹരിക്കാത്ത 3 സ്ഥാപനങ്ങൾക്കെതിരെ പ്രോസിക്യൂഷൻ നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.

2019-ൽ നാളിതുവരെ കോഴിക്കോട് റീജിയണൽ ജോയിന്റ് ലേബർ കമ്മീഷണറുടെ അധികാര പരിധിയിൽ ഇരിപ്പിട സൗകര്യം ഉറപ്പുവരുത്തുന്നതിന്റെ ഭാഗമായി നടത്തിയ സ്ക്വാഡ് പരിശോധനയിൽ കോഴിക്കോട് ജില്ലയിൽ 66 സ്ഥാപനങ്ങൾ പരിശോധിച്ചതിൽ 19 സ്ഥാപനങ്ങളിലും മലപ്പുറം ജില്ലയിൽ 29 സ്ഥാപനങ്ങൾ പരിശോധിച്ചതിൽ 7 സ്ഥാപനങ്ങളിലും, കണ്ണൂർ ജില്ലയിൽ 11 സ്ഥാപനങ്ങൾ പരിശോധിച്ചതിൽ 3 സ്ഥാപനങ്ങളിലും, കാസർഗോഡ് ജില്ലയിൽ 51 സ്ഥാപനങ്ങൾ പരിശോധിച്ചതിൽ 32 സ്ഥാപനങ്ങളിലും, വയനാട്ടിൽ 17 സ്ഥാപനങ്ങളിലും നിയമലംഘനം കണ്ടെത്തിയിട്ടുണ്ട്. നിയമലംഘനം കണ്ടെത്തിയ 78 സ്ഥാപനങ്ങൾക്ക് നോട്ടീസ് നൽകുകയും ആയത് പരിഹരിക്കുകയും ചെയ്തിട്ടുണ്ട്.

സെക്ഷൻ ഓഫീസർ.